പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 4961

06-02-2014 ൽ മറുപടിക്ക്

# കാർഷിക വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം ബാങ്കുകളും ഏജൻസികളുമാണ് കാർഷിക വായ്പ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ മേഖല വഴി പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന ഹ്രസ്വകാല, മധ്യകാല കാർഷിക വായ്പകളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ (PCARDB) ദീർഘകാല കാർഷിക വായ്പകളും നൽകിവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ വാണിജ്യ ബാങ്കുകളും കാർഷിക വായ്പ നൽകി വരുന്നു. |
| (ബി) പ്രസ്തുത വായ്പകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;<br><br>(സി) കാർഷിക മേഖലയുടെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളും പദ്ധതികളും വിശദമാക്കുമോ? | (ബി) യും (സി) യും ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾക്ക് ഈട് നൽകേണ്ടതില്ല. വിള ഉല്പാദനത്തിനായി നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് കേന്ദ്ര സർക്കാർ 2 ശതമാനം പലിശ സബ്സിഡി നൽകിവരുന്നു. ഇതുകൂടാതെ കൃത്യമായി ഈ വായ്പ തിരിച്ചടയ്ക്കുന്ന കർഷകന് 3 ശതമാനം അധിക പലിശ സബ്സിഡിയും കേന്ദ്ര സർക്കാർ നൽകിവരുന്നു. അതായത് വിള ഉൽപ്പാദനത്തിനായുള്ള ഹ്രസ്വകാല കാർഷിക വായ്പ 4 ശതമാനം പലിശയ്ക്ക് കർഷകന് ലഭിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതിയും നടപ്പിലാക്കിവരുന്നു. സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ